LIBRARY ARCHIVES Kerala Legislative Assembly

സാക്ഷരതാ മിഷന്റെ സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ

15 (*73) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരത മിഷൻ സാക്ഷരത പ്രവർത്തനങ്ങളോടൊപ്പം നടത്തുന്ന സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഉയർന്ന ജനാധിപത്യവൽക്കരണവും അവകാശബോധവും പൗരത്വ ബോധവും വളർത്തുന്നതിൽ സാക്ഷരതാ മിഷൻ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭരണഘടനാ സാക്ഷരതാ പരിപാടി, 'ഇന്ത്യ എന്ന റിപ്പബ്ലിക്', ജനകീയ വിദ്യാഭ്യാസ പരിപാടി, 'നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ' തുടങ്ങിയ ക്യാമ്പയിനുകളിലൂടെ ജനാധിപത്യബോധം ജനങ്ങളിലെത്തിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. സാക്ഷരതാ മിഷന്റെ എല്ലാ ക്യാമ്പയിൻ പ്രവർത്തനങ്ങളും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു കൊണ്ടാണ് നടപ്പാക്കിവരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നു. പൊതുജനങ്ങൾക്കിടയിൽ ഭരണഘടന സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ കേരള നിയമസഭയും സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയും സംയുക്തമായി ഭരണഘടനാ സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടി നടപ്പാക്കിവരുന്നു. നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന ക്യാമ്പയിൻ ഏറ്റെടുത്ത് 14 ജില്ലകളിലുമായി പ്രത്യേക പരിപാടി നടപ്പാക്കുകയുണ്ടായി. നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന കൈപ്പുസ്തകവും ഇതിന്റെ ഭാഗമായി തയ്യാറാക്കി. രണ്ട് ഘട്ടങ്ങളിലായി സംഘടിപ്പിച്ച ഈ പരിപാടി വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ മൂന്നാംഘട്ടം പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

(ബി) ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാ മിഷൻ സ്ത്രീധന നിരോധന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

&

(സി) സാക്ഷരതാ മിഷൻ, സ്ത്രീധനം എന്ന സാമൂഹ്യ വിപത്തിനെതിരെ ജാഗ്രത സൃഷ്ടിക്കുക, കേരളത്തെ സ്ത്രീധന മുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീധന മുക്ത കേരളം ക്യാമ്പയിൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ലിംഗസമത്വ ബോധന പരിപാടികളുടെ ഭാഗമായി സാക്ഷരതാ മിഷൻ സ്ത്രീധന നിരോധന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. സാക്ഷരതാ മിഷൻ നടത്തി വരുന്ന സാമൂഹ്യ സാക്ഷരതാ പരിപാടികളിൽ ഒന്നാണ് ലിംഗസമത്വ ബോധന പരിപാടി. ഈ പരിപാടിയുടെ ഭാഗമായി നവോത്ഥാനത്തിലെ സ്ത്രീ മുന്നേറ്റങ്ങൾ എന്ന പ്രദർശനം, പ്രഭാഷണ പരമ്പര തുടങ്ങിയവ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചിരുന്നു. ഇതു സംബന്ധിക്കുന്ന ഒരു കൈപ്പുസ്തകവും തയ്യാറാക്കി വിതരണം ചെയ്തിരുന്നു. പരിസ്ഥിതി സാക്ഷരത, ഭരണഘടനാ സാക്ഷരത, ആരോഗ്യ സാക്ഷരത, ജലസാക്ഷരത തുടങ്ങിയ സാമൂഹ്യ സാക്ഷരതാ പരിപാടികൾ പോലെ ഇതും ജനകീയ പരിപാടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് നടത്തിവന്നത്. ഇപ്പോൾ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സമൂഹത്തിലെ ജനകീയ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. എന്നാൽ, സ്ത്രീധന പീഡനവുമായി ബന്ധപ്പെട്ട അനിഷ്ട സംഭവങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ലിംഗസമത്വ ബോധന പരിപാടി നിലവിലെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ കൂടുതൽ വ്യാപകമായി സംഘടിപ്പിക്കേണ്ടതുണ്ട് എന്ന ലക്ഷ്യത്തോടെയാണ് സ്ത്രീധന നിരോധന ക്യാമ്പയിന് സാക്ഷരതാ മിഷൻ തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി 2021 ജൂലൈ 4-ന് ഈ ക്യാമ്പയിനിന്റെ ഉദ്ഘാടനം ഔദ്യോഗികമായി നിർവ്വഹിക്കുകയുണ്ടായി. 2021 ജൂലൈ 5 മുതൽ 8 വരെ വിദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് സ്ത്രീധനത്തിന്റെ നിയമപരം, ചരിത്രപരം, സാമൂഹ്യതലം എന്നീ മൂന്നു മേഖലയുമായി ബന്ധപ്പെട്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ ഓൺലൈൻ പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു. തുടർന്ന് സാക്ഷരതാ മിഷന്റെ സംസ്ഥാനത്തെ മുഴുവൻ സാക്ഷരത-തുല്യതാ പഠിതാക്കളെയും അവരുടെ കുടുംബങ്ങളെയും സാക്ഷരതാ പ്രവർത്തകരെയും ഇതിൽ നേരിട്ട് പങ്കാളികളാക്കിക്കൊണ്ട് ജൂലൈ 8-ന് സ്ത്രീധന വിരുദ്ധ പ്രതിജ്ഞ എടുക്കുകയുണ്ടായി. വിവിധ ആശയങ്ങൾ പ്രചരിപ്പിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്ന പോസ്റ്റർ പ്രദർശനങ്ങൾ നടത്താനാണ് സാക്ഷരതാ മിഷൻ ഈ ബോധവൽക്കരണ പരിപാടിയിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

നൂറുദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

16 (*74) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ആദ്യ നൂറുദിന കർമ്മ പരിപാടിയിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?